# നാടോടി നൃത്തം (Folk Dance)

1. മത്സരത്തിന് 15 മിനിറ്റ് മുൻപ് ഡാൻസിന്റെ ഗാനം മാത്രമടങ്ങുന്ന ഫ്ളാഷ് ഡ്രൈവ് (MP3 Format) ചെസ്റ്റ് നമ്പർ രേഖപ്പെടുത്തി ബന്ധപ്പെട്ട സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതാണ്. മറ്റ് പാട്ടുകൾ ഈ ഫ്ളാഷ് ഡ്രൈവിൽ ഉണ്ടാവാൻ പാടുള്ളതല്ല.

2. പരിശീലകരുടേയോ, നൃത്താദ്ധ്യാപകരുടേയോ മറ്റുള്ളവരുടേയോ സഹായം സ്റ്റേജിലോ, സ്റ്റേജിനു പുറകിലോ അനുവദനീയമല്ല.

3. അവതരണ ശൈലി, മുഖഭാവം, താളം, ചമയം, വസ്ത്രാലങ്കാരം, പാട്ട് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്

4. Properties ആവശ്യമെങ്കിൽ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.

5. സമയ പരിധി 5 മിനിറ്റാണ്. (Including property settings, if any)

# ക്ലാസ്സിക്കൽ ഡാൻസ് ( ഭരതനാട്യം / മോഹിനിയാട്ടം)

1. ഭരതനാട്യം / മോഹിനിയാട്ടം മാത്രമേ അവതരിപ്പിക്കാൻ പാടുള്ളു.

2. മത്സരത്തിന് 15 മിനിറ്റ് മുൻപ് ഭരതനാട്യത്തിന്റെ / മോഹിനിയാട്ടത്തിന്റെ കീർത്തനം മാത്രമടങ്ങുന്ന ഫ്ളാഷ് ഡ്രൈവ് (MP3 Format) ചെസ്റ്റ് നമ്പർ രേഖപ്പെടുത്തി ബന്ധപ്പെട്ട സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതാണ്. മറ്റ് പാട്ടുകൾ ഈ ഫ്ളാഷ് ഡ്രൈവിൽ ഉണ്ടാവാൻ പാടുള്ളതല്ല.

3. പരിശീലകരുടേയോ, നൃത്താദ്ധ്യാപകരുടേയോ മറ്റുള്ളവരുടേയോ സഹായം സ്റ്റേജിലോ, സ്റ്റേജിനു പുറകിലോ അനുവദനീയമല്ല.

4. നൃത്തചുവടുകൾ, മുദ്ര, മുഖഭാവം, താളം, ചമയം, വസ്ത്രാലങ്കാരം, സംഗീതം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്.

5. ക്ലാസ്സിക്കൽ ഡാൻസിന്റെ സമയ പരിധി 10 മിനിറ്റാണ്.

6. മത്സരം പെൺകുട്ടികൾക്ക് മാത്രമായിരിക്കും.

## കഥാപ്രസംഗം

1. കഥാപ്രസംഗം ബൈബിൾ കഥകളെ ആസ്പദമാക്കി ഉള്ളവയായിരിക്കണം.
2. മറ്റു വ്യക്തികളുടേയോ വാദ്യോപകരണങ്ങളുടേയോ സഹായം അനുവദനീയമല്ല.
3. അവതരണം ഉചിതമല്ലാത്ത രീതിയിൽ തുടരുകയാണെങ്കിൽ ആ മത്സരം റദ്ദാക്കുവാനുള്ള അധികാരം സ്റ്റേജ് മാനേജർക്ക് ഉണ്ടായിരിക്കും.
4. സമയ പരിധി 8 മിനിറ്റാണ്.

## ഇൻസ്ട്രുമെന്റ് മ്യൂസിക്ക്-ഓർഗൺ (Instrument Music-Organ)

1. കീ ബോർഡിൽ മുൻകൂട്ടി പ്രോഗ്രാം ചെയ്ത സംഗീതം, താളം എന്നിവ അനുവദനീയമല്ല. Built In accompaniment’s and external feedings (USB) are not permitted
2. വിരലുകൾകൊണ്ട് തത്സമയം സൃഷ്ടിക്കുന്ന സംഗീതം മാത്രമേ മത്സരത്തിന് പരിഗണിക്കൂ.
3. മത്സരം നടക്കുമ്പോൾ മറ്റുള്ളവരിൽ നിന്നും ഒരു വിധത്തിലുള്ള സഹായവും സ്വീകരിക്കുവാൻ പാടുള്ളതല്ല.
4. കീ ബോർഡ് സ്റ്റേജിൽ നല്കുന്നതായിരിക്കും
5. സമയ പരിധി 5 മിനിറ്റാണ്.

# ഇൻസ്ട്രുമെന്റ് മ്യൂസിക്ക്-സ്ട്രിങ്ങ്സ്
## (Instrument Music-Strings)

1. വദ്യോപകരണം മത്സരാർത്ഥി കൊണ്ടുവരേണ്ടതാണ്.
2. സമയ പരിധി 5 മിനിറ്റാണ്.

# ആക്ഷൻ സോങ്ങ് (ഇംഗ്ലീഷ് / മലയാളം)
## (Action Song)

1. മലയാളത്തിലോ ഇംഗ്ലീഷിലോ അവതരിപ്പിക്കാവുന്നതാണ്.
2. മത്സരം നടക്കുമ്പോൾ മറ്റുള്ളവരിൽ നിന്നും ഒരു വിധത്തിലുള്ള സഹായവും സ്വീകരിക്കുവാൻ പാടുള്ളതല്ല.
3. സമയ പരിധി 3 മിനിറ്റാണ്.

# ബൈബിൾ സ്റ്റോറി ടെല്ലിങ്.

1. മലയാളത്തിലുള്ള ബൈബിൾ കഥകൾ മാത്രമേ അനുവദിക്കുകയുള്ളൂ.
2. മത്സരം നടക്കുമ്പോൾ മറ്റുള്ളവരിൽ നിന്നും ഒരു വിധത്തിലുള്ള സഹായവും സ്വീകരിക്കുവാൻ പാടുള്ളതല്ല.
3. കഥ, കഥയ്ക്ക് അനുയോജ്യമായ അവതരണശൈലി, അക്ഷരസ്ഫുടത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുക.
4. സമയ പരിധി 3 മിനിറ്റാണ്.

# ബൈബിൾ റീഡിങ്ങ്

1. ഓരോ മത്സരാർത്ഥിയും തന്റെ അവസരം വരുമ്പോൾ സ്റ്റേജിൽ വച്ചിരിക്കുന്ന ബോക്സിൽ നിന്നും ഒരു സ്ലിപ്പ് എടുത്ത് സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതാണ്. ആ സ്ലിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗമാണ് വായിക്കേണ്ടത്.

2. ഗ്രൂപ്പ് **C** യിലുള്ളവർക്ക് വിശുദ്ധ വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്നും, ഗ്രൂപ്പ് D യിലുള്ളവർക്ക് നാല് സുവിശേഷങ്ങളിൽ നിന്നും, ഗ്രൂപ്പ് E യിലുള്ളവർക്ക് സമ്പൂർണ്ണ ബൈബിളിൽ നിന്നുമുള്ള ഭാഗങ്ങളാണ് വായിക്കാൻ നൽകുക.

3. വിശുദ്ധ ബൈബിളിനോടുള്ള സമീപന രീതി, വായനാ ഭാഗം കണ്ടെത്തുവാൻ എടുത്ത സമയം, വായനയുടെ വ്യക്തത എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുക.

4. സമയ പരിധി 5 മിനിറ്റാണ്. അതിൽ 2 മിനിറ്റ് വായിക്കുന്നതിനുള്ള ബൈബിൾ ഭാഗം കണ്ടെത്തുന്നതിനും, 3 മിനിറ്റ് വായനയ്ക്കും ആയിരിക്കും.

5. ചെസ്റ്റ് നമ്പർ വിളിച്ച് ബെൽ അടിച്ചാൽ മത്സരം ആരംഭിക്കും, 4 മിനിറ്റ് കഴിയുമ്പോൾ വാർണിങ്ങ് ബെൽ അടിക്കും.5-ാം മിനിറ്റിൽ ഫൈനൽ ബെൽ അടിക്കുന്നതായിരിക്കും.

## മലയാളം സോളൊ - ക്രിസ്തീയ ഭക്തിഗാനങ്ങൾ

1. ശാസ്ത്രീയ സംഗീതം , പശ്ചാത്തല സംഗീതം എന്നിവ അനുവദനീയമല്ല.
2. സമയ പരിധി 5 മിനിറ്റാണ്.

# കവിത ചൊല്ലൽ

1. കവിതയുടേയും രചയിതാവിന്റേയും പേര് കവിത ചൊല്ലുന്നതിന് മുൻപ് പറയേണ്ടതാണ്.

2. മലയാളം കവിതകൾ മനഃപാഠമാക്കി ചൊല്ലേണ്ടതാണ്. മനഃപാഠമല്ലെങ്കിൽ 10% മാർക്ക് കുറയ്ക്കുന്നതാണ്.

3. പൊതുവായ വിഷയങ്ങളെ ആസ്പദമാക്കിയ കവിതകൾ ആയിരിക്കണം

4. സമയ പരിധി 7 മിനിറ്റാണ്.

## മോണോ ആക്ട് (Monoact)

1. 2 മൈക്ക് സ്റ്റേജിൽ നല്കുന്നതാണ്
2. സമയ പരിധി 5 മിനിറ്റാണ്.

# ഫാൻസി ഡ്രസ്സ് (Fancy Dress)

## (Christian Character or Character with Moral Values)

1. ഭാവചേഷ്ടകൾ അനുവദനീയമാണ്.
2. മത്സരത്തിനിടയിൽ ഒരു വിധത്തിലുള്ള സംഭാഷണങ്ങളും പശ്ചാത്തല സംഗീതവും അനുവദനീയമല്ല.
3. ക്രിസ്ത്യൻ കഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.
4. മറ്റു മതസ്ഥരുടെ മതബിംബങ്ങളോ പ്രതീകങ്ങളോ ഉപയോഗിക്കാൻ പാടുള്ളതല്ല.
5. സമയ പരിധി 1 മിനിറ്റാണ്.

## കാരക്ടറൈസേഷൻ ( Characterization )

## (Christian Character or Character with Moral Values)

1. ഭാവചേഷ്ടകളും സംഭാഷണവും അനുവദനീയമാണ്.
2. ക്രിസ്ത്യൻ കഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.
3. മറ്റു മതസ്ഥരുടെ മതബിംബങ്ങളോ പ്രതീകങ്ങളോ ഉപയോഗിക്കാൻ പാടുള്ളതല്ല.
4. പശ്ചാത്തല സംഗീതം അനുവദനീയമാണ്.
5. സമയ പരിധി 2 മിനിറ്റാണ്.

# പ്രസംഗ മത്സരം

1. വിഷയം

ഗ്രൂപ്പ് C **നസ്രത്തിലെ ഈശോ (Luke 2:51)**

ഗ്രൂപ്പ് D **വിശുദ്ധ കുർബാന എന്റെ ജീവിതത്തിൽ**

ഗ്രൂപ്പ് **E വിഷയം 15 മിനിറ്റ് മുൻപ് നൽകുന്നതാണ്**

2. മലയാളത്തിലാണ് പ്രസംഗിക്കേണ്ടത്
3. സമയ പരിധി 5 മിനിറ്റാണ്.
4. മത്സരം അവസാനിക്കുന്നതിന് 1 മിനിറ്റ് മുമ്പ് warning bell നൽകുന്നതാണ്.

# ഓപ്പൺ ക്യാൻവാസ്

1. മത്സരത്തിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് ക്യാൻവാസ് നൽകുന്നതായിരിക്കും
2. വിഷയം മത്സരം ആരംഭിക്കുനതിന് 15 മിനിറ്റ് മുൻപ് നൽകുന്നതാണ്.
3. മത്സരം നടക്കുമ്പോൾ മറ്റുള്ളവരുടെ സഹായം സ്വീകരിക്കാൻ പാടുള്ളതല്ല.
4. ബ്രഷ്, പെയിന്റ് എന്നിവ മത്സരാർത്ഥി തന്നെ കൊണ്ടുവരേണ്ടതാണ്.
5. വരച്ച് കഴിഞ്ഞതിന് ശേഷം സ്റ്റേജ് മാനേജരുടെ അടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പിന്നീട് മാറ്റങ്ങൾ വരുത്താൻ പാടുള്ളതല്ല.
6. Open Canvas, Spot Registration ആയതിനാലും ജനറൽ കാറ്റഗറി ആയതിനാലും മത്സരത്തിനു പോയിന്റ് ഉണ്ടായിരിക്കുന്നതല്ല. എന്നാൽ വിജയികൾക്ക് ട്രോഫികൾ നല്കുന്നതാണ്.